**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3205** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ മേഖലയിൽ ഘടനാ മാറ്റം ഉടൻ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മികവിനായുള്ള വിദ്യാഭ്യാസം എന്ന പ്രൊഫസർ എം.എ ഖാദർ അധ്യക്ഷനായുള്ള വിദഗ്ധ സമിതി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചിരുന്നു. അതിന്റെ തുടർച്ചയായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ പരിധിയിൽ കൊണ്ടുവന്നിരുന്നു. 12-ാം ക്ലാസുവരെയുള്ള സെക്കന്ററി വിദ്യാലയങ്ങളുടെ സ്ഥാപന മേധാവിയായി പ്രിൻസിപ്പാളിനെയും വൈസ് പ്രിൻസിപ്പാളായി ഹൈസ്കൂൾ ഹെഡ്മാസ്റ്ററേയും ചുമതലപ്പെടുത്തി. വിദ്യാഭ്യാസ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. ഏകീകരണം പൂർണ്ണതോതിൽ നടപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിദ്യാഭ്യാസജില്ല, ഉപജില്ല ഓഫീസുകൾ സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങളിൽ എന്ത് മാറ്റങ്ങളാണ് വരികയെന്ന് വ്യക്തമാക്കുമോ; | (ബി) | സ്പെഷ്യൽ റൂളടക്കം വികസിപ്പിക്കാൻ രൂപീകൃതമായ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിക്കുന്നതാണ്. |
| (സി) | ഹൈസ്കൂൾ അധ്യാപകരുടെ പ്രമോഷൻ തസ്തികകൾ ഇല്ലാതെയാകുമെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ തസ്തികകളിൽ എങ്ങനെയായിരിക്കും നിയമനമെന്ന് വെളിപ്പെടുത്താമോ; | (സി) | ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രമോഷൻ തടസ്സപ്പെടുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ വിദഗ്ധസമിതി റിപ്പോർട്ടിൽ ഇല്ല. |
| (ഡി) | മികവിനായുള്ള വിദ്യാഭ്യാസം നടപ്പാക്കാൻ എന്തൊക്കെ അക്കാദമിക പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | മികവിനായുള്ള വിദ്യാഭ്യാസം നടപ്പാക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിൽ അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാകിരണം മിഷന്റെ ഭാഗമായി നടപ്പാക്കുന്നതാണ്. പഠന പിന്തുണ വേണ്ട കുട്ടികൾക്ക് ആവശ്യമുള്ള വിഷയങ്ങളിൽ പഠന പിന്തുണ നൽകൽ, പഠനത്തിൽ മികവ് |

| | | | |
|---|---|---|---|
| | | | കാട്ടുന്നവർക്ക് കൂടുതൽ മുന്നേറാൻ ആവശ്യമായ അനുഭവങ്ങൾ ഒരുക്കൽ എന്നിവയെല്ലാം ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ ഈ ദിശയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആധുനിക സാങ്കേതിക വിദ്യയെ പഠന ബോധന പ്രവർത്തനങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കാനും ഉദ്ദേശിക്കുന്നു. ഇതിനെല്ലാം കഴിയും വിധം അദ്ധ്യാപകരെ സജ്ജമാക്കാൻ അവധിക്കാല പരിശീലനവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ